പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --3268 25.06.2012- ൽ മറുപടിക്ക്

സോമാലിയൻ കടൽ കൊള്ളക്കാർ തട്ടിക്കൊണ്ടുപോയ മലയാളികളുടെ മോചനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ)12.03.2012-ൽ 'റോയൽ ഗ്രേഡ്' എന്ന കപ്പൽ സോമാലിയൻ കടൽ കൊള്ളക്കാർ തട്ടിക്കൊണ്ടുപോയതിലുള്ള ഏഴ് മലയാളികളെ ഇതുവരെ മോചിപ്പിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി)എങ്കിൽ ഇതിൽ ചടയമംഗലം വെള്ളപ്പാറ മഹേഷ് മോഹനന്റെ ആശ്രിതർ നൽകിയ നിവേദനത്തിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ബി) ചടയമംഗലം വെള്ളപ്പാറ മഹേഷ് മോഹന്റെ ആശ്രിതരിൽ നിന്ന് ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ ഇടപെട്ട് പ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്രവിദേശകാര്യ മന്ത്രി ശ്രീ. എസ്. എം. കൃഷ്ണ, പ്രതിരോധമന്ത്രി ശ്രീ. എ. കെ. ആന്റണി, കേന്ദ്ര ഷിപ്പിംഗ് മന്ത്രി ശ്രീ. ജി. കെ. വാസൻ, കേന്ദ്ര പ്രവാസികാര്യമന്ത്രി ശ്രീ. വയലാർ രവി എന്നിവർക്ക് മുഖ്യമന്ത്രി നേരിട്ട് കത്തെഴുതുകയുണ്ടായി. ഇദ്ദേഹത്തെകൂടാതെ മുകുന്ദപുരം താലൂക്കിലെ മാടായിക്കോണം വില്ലേജിലുള്ള ശ്രീ. ഡിബിൻ ഡേവിസ്(22), എരങ്ങത്ത് വീട്, മാപ്രാണം, ശ്രീ. സ്റ്റാൻലി വിൻസന്റ്(22), മംഗലം വീട്, തേലപ്പിള്ളി എന്നിവരും കപ്പൽ യാത്രക്കിടയിൽ സോമാലിയൻ കടൽകൊള്ളക്കാരുടെ പിടിയിൽ അകപ്പെട്ടതായി തൃശ്ശൂർ ജില്ലാ കളക്ടർ 23/03/2012 - ൽ സർക്കാരിനെ അറിയിച്ചു. എം. റ്റി. റോയൽ ഗ്രേസ് എന്ന ഓയിൽ ടാങ്കർ കപ്പലാണ് തട്ടിക്കൊണ്ടുപോയത്. ഇക്കാര്യത്തിൽ |

24/03/2012 - ൽ തന്നെ ബഹുമാനപ്പെട്ട കേന്ദ്ര വിദേശകാര്യ മന്ത്രിക്ക് അടിയന്തിര നടപടിയ്ക്കായി സന്ദേശം അയച്ചു. കൂടാതെ 27/03/2012 - ൽ നോർക്ക വകുപ്പിൽ നിന്ന് വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന കത്ത് യു. എ. ഇ - യിലെ . ഇന്ത്യൻ അംബാസഡർക്കും, ഷിപ്പിംഗ് ഡയറക്ടർ ജനറലിനും അയച്ചു. 15/05/2012 - ൽ ഷിപ്പിംഗ് ഡയറക്ടർ ജനറലിൽ നിന്ന് ലഭിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന കത്തിൽ പിടിയിലകപ്പെട്ട കപ്പലിന്റെ പേര് വിവരങ്ങളും ഉടമസ്ഥരെക്കുറിച്ചും വ്യക്തമാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ നിന്നുള്ള മനീഷ് മോഹൻ, തൃശ്ശൂർ ജില്ലയിൽ നിന്നുള്ള ഡിബിൻ ഡേവിസ്, സ്റ്റാൻലി വിൻസന്റ് എന്നിവർ ഉൾപ്പെട്ടിട്ടുള്ളതായി അറിയിച്ചു. തീവ്രഗതിയിൽ കപ്പലിന്റെ ഇപ്പോഴത്തെ ഉടമസ്ഥരായ നൈജീരിയൻ കമ്പനിയുമായും കപ്പലിന്റെ മാനേജരായ ദുബായിലെ ഓയ്സ്റ്റർ കാർഗോ ഷിപ്പിംഗ് കമ്പനിയുമായും നടപടികൾ സ്വീകരിച്ചുവരികയാണെന്ന് അറിയിച്ചു. അന്താരാഷ്ട്ര തലത്തിൽ വിവിധ തലത്തിലുള്ള സഹായവും സേവനങ്ങളും ഇടപെടലും ഉറപ്പുവരുത്തുന്നതിനായി Regional Agreement on Combating Piracy and Armed Robbery Against Ships in Asia(ReCAAP) എന്ന് പറയുന്ന അന്താരാഷ്ട്ര ഏജൻസിക്കും സന്ദേശം നൽകിയതായും അറിയിച്ചു. പനാമ മാരിടൈം അതോറിറ്റിയോടും പ്രത്യേക ഇടപെടൽ നടത്താൻ അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ 06/06/2012 - ൽ നോർക്ക വകുപ്പിന്റെ കത്ത് പ്രകാരം കേന്ദ്ര വിദേശകാര്യ മന്ത്രാലയ സെക്രട്ടറിക്കും ഷിപ്പിംഗ് ഡയറക്ടർ ജനറലിനും നടപടികൾ ഊർജ്ജിതമാക്കുന്നതിനായി കുടുംബങ്ങൾ അനുഭവിക്കുന്ന തീവ്രവേദന ചൂണ്ടികാണിച്ചുകൊണ്ട് വീണ്ടും സന്ദേശം അയച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ